K16U 2435

Reg. No.: ...............................

Name : ...................................

# I Semester B.Com./B.B.A./B.B.A.T.T.M./B.B.A.R.T.M./B.T.T.M./B.B.M. Degree (C.C.S.S. – Reg./Supple./Improve.) Examination, November 2016
## COMMON COURSE IN MALAYALAM
## 1A07 1MAL : Sahithya Roopangal
## (2014 and 2015 Admn.)

Time : 3 Hours Max. Marks : 40

I. **മുന്നൂറ്** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങളിൽ **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക.

1) പരിമിതമായ വിഭവങ്ങൾകൊണ്ട് ആഖ്യാനത്തിൽ അത്ഭുതം തീർക്കുന്ന എഴുത്തുകാരനാണ് ബഷീർ – 'പ്രേമലേഖന'ത്തെ ആധാരമാക്കി വിലയിരുത്തുക.

2) 'സൈലന്റ് വാലി' എന്ന കവിത അവതരിപ്പിക്കുന്ന സാമൂഹികപ്രശ്നം എന്താണ് ? വിവരിക്കുക.

3) 'ഈഡിപ്പസ്' നാടകത്തിന് മലയാള നാടക സാഹിത്യത്തിലുള്ള സ്ഥാനം വിലയിരുത്തുക.

4) കൈലാസ് – മാനസസരസ്സ് യാത്രയിൽ ലേഖകനുണ്ടായ അനുഭവങ്ങൾ എന്തെല്ലാമാണ് ? വിശദമാക്കുക. (2×7=14)

II. **നൂറ്റമ്പത്** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

5) ''നാളെ അങ്ങ് ഈ പേരുകളെല്ലാം കേൾക്കേണ്ടി വരുമല്ലോ എന്നോർത്ത് ഞാൻ അങ്ങയോട് സഹതപിക്കുകയാണ് '' ആരുടെ വാക്കുകൾ ? വിവക്ഷിതമെന്ത് ?

6) പ്രബന്ധത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

7) ചീർ മരങ്ങളുടെ പ്രത്യേകതയെന്ത് ?

8) ''അന്നുതൊട്ടില്ലത്തു സൗഭാഗ്യവല്ലരി പടർ – ന്നൊന്നുപോൽ പൂവും കായുമണിഞ്ഞു പുകൾ പൂണ്ടു'' – എന്നു തൊട്ട് ? വിശദമാക്കുക.

P.T.O.

9) ''പിരിയുകയാണിതാ, ഞാനൊരധ:കൃതൻ
കരയുവാനായ്പ്പിറന്നൊരു കാമുകൻ'' – സന്ദർഭവും സാരസ്യവും എഴുതുക.

10) 'ഇതിനെ വെല്ലുന്ന ഒരു മഹാത്യാഗം പ്രപഞ്ചചരിത്രത്തിൽ കാണുമോ ?' ആരാണിങ്ങനെ ചോദിച്ചത് ? ത്യാഗമെന്ത് ? **(4×3=12)**

III. **നൂറ്** വാക്കിൽ കവിയാതെ **ആറ്** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) മാല്പ ദുരന്തം എന്തെന്ന് എഴുതുക.

12) ''ഒപ്പം നടന്ന സുഹൃത്തേ, നമുക്കൊന്ന്
നിൽക്കുക ധന്യമുഹൂർത്തമിതോർക്കുക'' ഏതാണ് ആ ധന്യ മുഹൂർത്തം ?

13) പ്രിയംകരമായ ശൈലിയുടെ മുഖ്യ ഗുണങ്ങളായി ഗുപ്തൻ നായർ ചൂണ്ടിക്കാട്ടുന്നതെന്തെല്ലാം ?

14) സ്രോതഭാഷ എന്നാലെന്ത് ?

15) ഭീംതാൾ തടാകവുമായി ബന്ധപ്പെട്ട ഐതിഹ്യം എന്ത് ?

16) 'ഒന്ന് നടക്കാനായി ഇറങ്ങിയ ഞങ്ങൾ ആ സൂര്യാസ്തമയ സമയത്ത് കണ്ടത് അപൂർവമായ ഒരു കാഴ്ചയാണ്. കാഴ്ചയെന്ത് ? **(4×2=8)**

IV. **ഒരു** വാക്കിലോ വാക്യത്തിലോ കവിയാതെ **ആറെണ്ണത്തിന്** ഉത്തരമെഴുതുക.

17) കുമയൂൺ മലനിരകളുടെ അടിവാര പ്രദേശം ഏതാണ് ?

18) ഉപന്യസിക്കുക എന്ന വാക്കിന്റെ അർത്ഥമെന്ത് ?

19) ''കരംകൂപ്പി ഞാനൊന്ന് കണ്ടുനിന്നോട്ടേ മതിവരെ''. എന്തിനെ ?

20) അനുവാദം എന്ന വാക്കിന് അർത്ഥമെന്ത് ?

21) വിവർത്തനത്തിൽ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത എന്നു പറഞ്ഞത് ആര് ?

22) 'കറുത്ത ചെട്ടിച്ചികൾ' എന്ന കവിത എഴുതിയതാര് ?

23) 'മനസ്സാ സ്മരാമി' ആരുടെ ആത്മകഥയാണ് ?

24) സൈലന്റ് വാലി ഏതു ജില്ലയിലാണ് ? **(6×1=6)**

———————